**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 212** **14-02-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്കും ഉപകരണങ്ങൾക്കും ഇൻഷുറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും സമ്പൂർണ്ണ ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2018-19 സാമ്പത്തിക വർഷം മുതൽ ഫിഷറീസ് വകുപ്പ് സംസ്ഥാന സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി 'മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി തുടങ്ങിയ 2018-19 സാമ്പത്തിക വർഷത്തിൽ ഹള്ളിന് മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. എന്നാൽ 2019-20 മുതൽ ഹള്ളിനും എഞ്ചിനും ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നു. പദ്ധതി പ്രകാരം പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. ഇ-ടെൻഡർ നടപടിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് 2022-23 സാമ്പത്തിക വർഷം വരെ പദ്ധതി നടപ്പിലാക്കി വന്നിരുന്നത്. നിശ്ചിത വിലയുടെ 1.3 ശതമാനവും ടാക്സും ഉൾപ്പെടുന്നതായിരുന്നു പ്രീമിയം തുകയായി നിശ്ചയിച്ചിരുന്നത്. എന്നാൽ നടപ്പ് സാമ്പത്തിക വർഷം ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പിനായി യോഗ്യതയുള്ള സ്ഥാപനങ്ങളിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EoI) ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് നെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കുകയും ചെയ്തു. നിശ്ചിത വിലയുടെ 0.246 ശതമാനം ആണ് നിലവിൽ പ്രീമിയം തുകയായി നിശ്ചയിച്ചിരിക്കുന്നത്.<br><br>2018-19 സാമ്പത്തിക വർഷം മുതൽ 2022-23 വരെ 12 കോടി രൂപ ചെലവിൽ ആകെ 7932 യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 1 |

| | | | |
|---|---|---|---|
| | | | കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം പരമാവധി യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് പ്രതിവർഷം സർക്കാരിന് എത്ര രൂപയുടെ ചെലവാണ് ഉണ്ടാകുന്നത്; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് പ്രതിവർഷം സർക്കാരിന് ചെലവായ തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു. |
| (സി) | കഴിഞ്ഞ 5 വർഷം മത്സ്യബന്ധന ഉപകരണങ്ങളുടെ ഇൻഷ്വറൻസ് പരിരക്ഷ പ്രകാരം നൽകിയിട്ടുള്ള ആനുകൂല്യത്തിന്റെ വിശദാംശം ലഭ്യമാക്കാമോ; | (സി) | കഴിഞ്ഞ അഞ്ച് വർഷം മത്സ്യബന്ധന ഉപകരണങ്ങളുടെ ഇൻഷ്വറൻസ് പരിരക്ഷ പ്രകാരം നൽകിയിട്ടുള്ള ആനുകൂല്യത്തിന്റെ വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (ഡി) | 2023-24 വർഷം അപകടത്തിൽപ്പെട്ട് മരണമടഞ്ഞ മത്സ്യത്തൊഴിലാളികൾക്ക് നൽകിയ ഇൻഷ്വറൻസ് ആനുകൂല്യം ജില്ല തിരിച്ച് എണ്ണം, തുക എന്നിവയുടെ കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ? | (ഡി) | 2023-24 വർഷം അപകടത്തിൽപ്പെട്ട് മരണമടഞ്ഞ മത്സ്യത്തൊഴിലാളികൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയും മത്സ്യഫെഡ് മുഖേനയും നൽകിയ ഇൻഷ്വറൻസ് ആനുകൂല്യം ജില്ല തിരിച്ച് എണ്ണം, തുക എന്നിവ അനുബന്ധം- 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

| ക്രമ നം. | സാമ്പത്തിക വർഷം | ഭരണാനുമതി തുക (വർഷം) | ചെലവായ തുക (രൂപ) | ഇൻഷ്വറൻസ് ചെയ്യപ്പെട്ട യാനങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2018-19 | 1,00,00,000 | 3,64,900 | 647 |
| 2 | 2019-20 | 4,00,00,000 | 60,88,130 | 856 |
| 3 | 2020-21 | 3,00,00,000 | 1,28,66,720 | 924 |
| 4 | 2021-22 | 2,00,00,000 | 1,98,10,494 | 2758 |
| 5 | 2022-23 | 2,00,00,000 | 1,84,92,494 | 2747 |
| 6 | 2023-24 | 1,00,00,000 | പദ്ധതി നടപ്പിലാക്കി വരുന്നു | 1213 (പദ്ധതി പുരോഗമിച്ചു വരുന്നു) |

**<u>അനുബന്ധം-2</u>**

| ക്രമ നം. | സാമ്പത്തിക വർഷം | ക്ലെയിമുകളുടെ എണ്ണം | അനുവദിച്ച ക്ലെയിമുകളുടെ എണ്ണം | അനുവദിച്ച ക്ലെയിം തുക (രൂപ) |
|---|---|---|---|---|
| 1 | 2018-19 | 7 | 1 | 85,000 |
| 2 | 2019-20 | 3 | 1 | 1,20,000 |
| 3 | 2020-21 | 29 | 13 | 24,62,812 |
| 4 | 2021-22 | 4 | 1 | 30,360 |
| 5 | 2022-23 | 33 | 14 | 21,06,641 |
| 6 | 2023-24 | 56 | 27 | 24,98,862 |
| | ആകെ | 132 | 57 | 73,03,675/- |

## അനുബന്ധം-3

2023-24 വർഷം അപകടത്തിൽപ്പെട്ട് മരണമടഞ്ഞ മത്സ്യത്തൊഴിലാളികൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകിയ ഇൻഷ്വറൻസ് ആനുകൂല്യം ജില്ല തിരിച്ച് എണ്ണം, തുക എന്നിവ പട്ടികയായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | എണ്ണം | തുക (രൂപ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 13 | 1,30,10,000/- |
| 2 | കൊല്ലം | 5 | 50,00,000/- |
| 3 | എറണാകുളം | 5 | 50,10,000/- |
| 4 | ആലപ്പുഴ | 3 | 30,10,000/- |
| 5 | മലപ്പുറം | 1 | 10,11,700/- |
| | ആകെ | 27 | 2,70,41,700/- |

2023-24 വർഷം അപകടത്തിൽപ്പെട്ട് മരണമടഞ്ഞ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖേന നൽകിയ ഇൻഷ്വറൻസ് ആനുകൂല്യം ജില്ല തിരിച്ച് എണ്ണം, തുക എന്നിവ പട്ടികയായി ചുവടെ ചേർക്കുന്നു

| ക്രമ നം | ജില്ല | എണ്ണം | തുക (രൂപ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 9 | 90,12,500/- |
| 2 | കൊല്ലം | 5 | 50,00,000/- |
| 3 | ആലപ്പുഴ | 5 | 50,15,000/- |
| 4 | എറണാകുളം | 2 | 20,00,000/ |
| 5 | തൃശ്ശൂർ | 2 | 20,00,000/- |
| | ആകെ | 23 | 2,30,27,500/- |